# മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതി

# സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**

**ചാവക്കാട് ബ്ലോക്ക്**

**പുന്നയൂർക്കുളം ഗ്രാമപഞ്ചായത്
**

**വാർഡ് - 14**

---

## മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്നിയമംസോഷ്യൽ ഓഡിറ്റ്സൊസൈറ്റികേരളം (MGNSASK )

**2018-19**

---

**ആമുഖം**

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

**സവിശേഷതകൾ**

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത്പ്രദേശത്ത്നടപ്പിക്കുന്ന എല്ലാപ്രവർത്തികളും സോഷ്യൽഓഡിറ്റിനുവിധേയമാക്കണമെന്ന് 17 (2 ) -)ം വകുപ്പ്നിഷ്കർഷിക്കുന്നു. പദ്ധതിപ്രവർത്തനത്തെപ്പറ്റിയുംപൊതുധനംചിലവഴിക്കുന്നതിനെപ്പറ്റിയുംപൗരസമൂസഹംനടത്തുന്ന

പരസ്യവുംസ്വതന്ത്രവുമായപരിശോധനയുമാണ്സോഷ്യൽഓഡിറ്റ്അഥവാസാമൂഹികപരിശോധന.തൊഴിലുറപ്പ്നിയമപ്രകാരംവർഷത്തിൽ 2 പ്രാവിശ്യം സോഷ്യൽ ഓഡിറ്റ്ഗ്രാമസഭകൾ എല്ലാവാർഡുകളിലുംകൃത്യമായിനടത്തേണ്ടതാണ്.സോഷ്യൽഓഡിറ്റിലൂടെഅഴിമതിഇല്ലാതാക്കുന്നതിനുംസുതാര്യതഉറപ്പുവരുത്തുന്നതിനുംകാര്യക്ഷമതവർദ്ധിപ്പിക്കുന്നതിനുംസത്ഭരണംഉറപ്പാക്കുന്നതിനുംകഴിയുന്നു.പദ്ധതി പണംശെരിയായരീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട്പദ്ധതിയുടെലക്ഷ്യംകൈവരിച്ചിട്ടുണ്ടോഎന്നുംപദ്ധതിയുടെഗുണഭോക്താക്കളുടെജീവിതത്തിൽഗുണകരമായുംഅതുമൂലംകാര്യമായമാറ്റംഉണ്ടായിട്ടുണ്ടോഎന്നുംസോഷ്യൽഓഡിറ്റ്പ്രക്രിയക്ക്കണ്ടെത്താൻ കഴിയുന്നു.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

ചാവക്കാട് ബ്ലോക്കിലെ പുന്നയൂർക്കുളം പഞ്ചായത്തിലെ വാർഡ് 14 ൽ ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ് ഓഡിറ്റിന് വിധേയമാക്കിയത് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെഅവകാശങ്ങൾ

മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതിവിഭാവനംചെയുന്നത്എന്തൊക്കെഎന്നുംകാര്യക്ഷമമായുംഫലപ്രദമായുംഈപദ്ധതിഎങ്ങനെനടപ്പിലാക്കണംഎന്ന്ഗ്രാമപഞ്ചായത്തിനെയുംതൊഴിലാളികളെയുംഗ്രാമസഭഅംഗങ്ങളെയുംബോധ്യപെടുത്തുന്നതിനുവേണ്ടിയാണ്ഈസോഷ്യൽഓഡിറ്റ്തൊഴിലാളികൾക്ക് 10 അവകാശങ്ങൾപ്രദാനംചെയുന്നത്.അവഎന്തൊക്കെഎന്ന്ചുവടെചേർക്കുന്നു.

1. **തൊഴിൽകാർഡ്ലഭിക്കുന്നതിനുള്ളഅവകാശം(Schedule 2 Para 1 )**

തൊഴിലുറപ്പു നിയമം (ഷെഡ്യൂൾ 2 പാര 1) അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്.തൊഴിൽ കാർഡ് കൈവശം സൂകിഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പിച്ചിച്ചാൽ എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്.വ്യക്തമായ കാരണം കൂടാതെ തൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കലയാണെങ്കിൽ സെക്ഷൻ 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോൾ നമ്പർ, വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴിൽ കാർഡിൽ ഉണ്ടാവേണ്ടതാണ്.തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ണ് ഇന്നും എടുക്കേണ്ടതാണ്.പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ, മരണപ്പെടുകയോ, ഹാജരാകിയ രേഖകൾ കൃത്രിമമാണെന്നു തെളിയുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ/ ഡിലീറ്റ് ചെയ്യാൻ പാടുള്ളു.

**.2. തൊഴിൽആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽലഭിക്കാനുള്ളഅവകാശം. (Schedule 1 Para 11 )**

തൊഴിൽദിനങ്ങൾആവശ്യപ്പെടുവാനുംതീയതിവച്ചരസീത്കൈപ്പറ്റുവാനും 15 ദിവസത്തിനുള്ളിൽതൊഴിൽലഭിക്കുവാനുംഉള്ളഅവകാശംനിയമംഅനുശാസിക്കുന്നു. തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ധ കായിക തൊഴിലിയൂനായി ആവശ്യപ്പെടാവുന്നതാണ്.. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നൽകേണ്ടതുമാണ്.തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്കു നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പു നിയമത്തിലെ സെക്ഷൻ 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ഈവാർഡിലെതൊഴിലാളികൾമേറ്റ്മുഖേനയാണ്തൊഴിൽആവശ്യപ്പെടുന്നത്. ഡിമാൻഡ്ഫോംഫ്രണ്ട്ഓഫീസിൽകൊടുക്കുകയുംരസീതികൈപ്പറ്റുകയുംചെയ്യാറില്ല.

**3. തൊഴിലില്ലായ്മവേതനംലഭിക്കാനുള്ളഅവകാശം. (Section 7(1) )**

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ ആദ്യത്തെ മുപ്പത് ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന് പകുതിയും ലഭിക്കൻ അവകാശമുണ്ട്.

വാർഡിലെതൊഴിലാളികൾആരുംതന്നെതൊഴിലില്ലായ്മവേതനത്തിനുഅപേക്ഷിച്ചതായിഅറിയാൻ കഴിഞ്ഞില്ല .

**4. പ്രവർത്തികൾകണ്ടെത്തി നൽകാനുള്ള അവകാശം. (Schedule 1 Para 9 )**

ഓരോതൊഴിലാളിക്കുംതൊഴിലുറപ്പ്പദ്ധതിപ്രകാരംതങ്ങളുടെവാർഡിൽഏറ്റെടുത്തുനടപ്പിലാക്കേണ്ടപ്രവർത്തികൾ (നാലuഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തിനൽകുവാനുള്ളഅവകാശം. സെക്ഷൻ 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭ യിൽ വരുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള സെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രമ പഞ്ചായത്തിനാണ്..

**5.അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം(Schedule 2 Para 18 )**

തൊഴിലാളിയുടെ താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിലല്ല തൊഴിൽ ലഭിക്കുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം കൂടി അധികവേതനം ലഭിക്കുന്നതിനുള്ള അവകാശം. **(Schedule 2 Para 20 )**

**6 .പണി സ്ഥലത്തെഅടിസ്ഥാനസൗകര്യങ്ങൾക്കുള്ളഅവകാശം(Schedule 2 Para 23 )**

പട്ടിക 2 ഭാഗം 23 പ്രകാരംപ്രവർത്തിസഥലത്തുകുടിവെള്ളം, തണൽ , അടിയന്തിരചികിത്സക്കുതകുന്നപ്രഥമശുശ്രൂഷകിറ്റുകൾ , 5 വയസ്സിൽതാഴെയുള്ളകുട്ടികൾക്ക്ആയയുടെസൗകര്യംഎന്നിങ്ങനെനിയമംഅനുശാസിക്കുന്നു. തൊഴിൽസ്ഥലത്ത്ശുദ്ധമായകുടിവെള്ളം, ഫസ്റ്റ്എയ്ഡ്ബോക്സ്എന്നിവക്കുള്ളഅവകാശം. കൂടാതെതൊഴിൽസ്ഥലത്ത്ഉണ്ടാകുന്നഅപകടത്തിൻറെചികിത്സാചിലവുംലഭിക്കുന്നതിനുള്ളഅവകാശം.

വെള്ളംതൊഴിലാളികൾവീട്ടിൽനിന്നുംകൊണ്ടുവരികയാണ്ചെയ്യുന്നത്.തണൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായി കാണപ്പെട്ടില്ല.സുരക്ഷാ സാമഗ്രികളായ കയ്യുറ, കാലുറ എന്നിവയിൽ ലഭ്യതക്കുറവുണ്ടെന്നും അറിയാൻ കഴിഞ്ഞു.

**7. കൂലി ലഭിക്കാനും 15 ദിവസത്തിനുള്ളിൽ തന്നെ അത് ലഭിക്കാനുള്ള അവകാശം(Schedule 2 Para 29 )**

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി.നിയമംഅനുസരിച്ചു 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിനു അർഹതയുണ്ട്.

കൂലിമാസങ്ങളോളം വൈകുന്നതായി കണ്ടെത്തി.

**8 .വേതനവിതരണത്തിലെകാലതാമസത്തിനുനഷ്ടപരിഹാരംലഭിക്കുവാനുള്ളഅവകാശം.**

അവസാനപ്രവൃത്തിദിവസത്തിന്റെപതിനഞ്ചാംദിവസത്തിനുള്ളിൽവേതനംലഭിച്ചില്ലെങ്കിൽവേദനത്തിൻറെ 0.05 ശതമാനംഅധികവേതനംലഭിക്കുന്നത്തിനുള്ളഅവകാശം.

പട്ടിക 2 പാര 29 അനുസ്യതമായിപതിനഞ്ചുദിവസത്തിനകംതൊഴിൽവേതനംലഭ്യമായില്ലെങ്കിൽവേതനതാമസത്തിനു 0.05 ശതമാനംനിരക്കിൽഅധികവേതനംലഭ്യമാകേണ്ടതാണ്.

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം**

സെക്ഷൻ 19 അനുസരിച്ച് അഞ്ചുദിവസത്തിനകം പരാതി പരിഹരിക്കുകയും ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരന് അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോൾ ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

**10.സോഷ്യൽഓഡിറ്റ്നടത്തുന്നതിനുള്ളഅവകാശം. (Section 17)**

തുടർച്ചയായിസാമൂഹ്യപരിശോധനനടത്തുവാനുംഅതിൽപങ്കാളിയാകുന്നതിനുമുള്ളഅവകാശം.

## ഫയൽപരിശോധന

1. ജോബ്കാർഡ്രജിസ്റ്റർ
2. **ഗ്രാമസഭ** രജിസ്റ്റർ
3. ഡിമാൻഡ് / അലോക്കേഷൻ&വേതന രജിസ്റ്റർ
4. വർക്ക്രജിസ്റ്റർ
5. ഫിക്സഡ്അസറ്റ്രജിസ്റ്റർ
6. പരാതിരജിസ്റ്റർ
7. മെറ്റീരിയൽരജിസ്റ്റർ

## പ്രവർത്തി ഫയലിലെ 22 രേഖകൾ

കേന്ദ്രസർക്കാർനിർദ്ദേശപ്രകാരംഒരുപ്രവൃത്തിഫയലിൽതാഴെപറയുന്ന 22 രേഖകൾനിർബന്ധമായുംഉണ്ടാക്കേണ്ടതാണ്.

1) കവർപേജ്
2) ചെക്ക്ലിസ്റ്റ്
3) ആക്ഷൻപ്ലാൻ / ഷെൽഫ്ഓഫ്വർക്ക്എന്നിവയുടെഅംഗീകരിച്ചകോപ്പി.
4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും
5) ഭരണാനുമതിയുടെയുംസാമ്പത്തികാനുമതിയുടെയുംകോപ്പി.
6) സാങ്കേതികാനുമതിയുടെകോപ്പി.
7) കൺവെർജൻസ്വിശധാംശങ്ങൾ
8) തൊഴിലാളികൾതൊഴിൽആവശ്യപ്പെട്ടുകൊണ്ടുള്ളഅപേക്ഷ.
9) തൊഴിൽഅനുവദിച്ചതുകൊണ്ടുള്ളനോട്ടീസിന്റെകോപ്പി.
10) പൂരിപ്പിച്ചമസ്റ്റർറോളിന്റെകോപ്പി.
11) മെഷർമെൻറ്ബുക്കിന്റെകോപ്പി.
12) സാധനങ്ങൾവാങ്ങുന്നതിനുള്ളക്വോട്ടേഷൻക്ഷണിച്ചതിൻറെയുംകംപാരിറ്റിവ്സ് റ്റേറ്റ്മെന്റിന്റെയുംമെറ്റീരിയൽസപ്ലൈഓർഡറിന്റെയുംകോപ്പി.
13) വേജ്ലിസ്റ്റ്
14) വേതനത്തിൻറെയുംസാധനങ്ങൾക്ക്പണമടച്ചതിന്റേയുംഎഫ്.റ്റി.ഒയുടെയുംക ോപ്പി.
15) മെറ്റീരിയൽവൗച്ചറിൻറെയുംബിലുകളുടെയുംകോപ്പി.
16) റോയൽറ്റിഅടച്ചതിൻറെരസീതിന്റെകോപ്പി.
17) മൂന്ന്ഘട്ടങ്ങൾആയുള്ളതൊഴിലിൻറെഫോട്ടോ.
18) പൂർത്തീകരിച്ചസർട്ടിഫിക്കറ്റിന്റെകോപ്പി.
19) മസ്റ്റർറോൾമൂവ്മെൻറ്സ്ലിപ്.
20) ആസ്തിയുടെജിയോടാഗ്ഫോട്ടോസുകൾ.
21) സോഷ്യൽഓഡിറ്റിൻറെകോപ്പി.
22) സൈറ്റ്ഡയറി.

### CIB-സിറ്റിസൺഇൻഫർമേഷൻബോർഡ്

തൊഴിലുറപ്പ്പദ്ധതിയുടെസുതാര്യതഉറപ്പാക്കുന്നതിനുവേണ്ടിയുള്ളഒരുഉപാധിയാണ്സ ിറ്റിസൺഇൻഫർമേഷൻബോർഡ് **Para 25(a), schedule 1** അനുസരിച്ച്ഒരുപ്രവർത്തിയുടെഅടിസ്ഥാനവിവരങ്ങൾഅതായത്എസ്റ്റിമേറ്റ്തുകസാധ നവേതനഘടകങ്ങൾയഥാർത്ഥചെലവ്തൊഴിൽദിനങ്ങൾതുടങ്ങിയവിവരങ്ങൾസാധാര

ണജനങ്ങൾക്കുംഗുണഭോക്താക്കൾക്കുംമനസ്സിലാകുന്നരീതിയിൽപ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.ഈബോർഡ്സ്ഥാപിക്കേണ്ടത്ഓരോപ്രവർത്തിയുടെയുംആരംഭഘട്ടത് തിൽആണ്.
ഓരോപ്രവർത്തിക്കുംഅനുസൃതമായിനിഷ്കർഷിച്ചിട്ടുള്ളഅളവുകളിൽഉള്ളബോർഡുക ൾസിമൻറ്ഉംകോൺക്രീറ്റുംഉപയോഗിച്ച്നിർമ്മിച്ച്സ്ഥാപിക്കണമെന്ന്നിയമംഅനുശാസ ിക്കുന്നുണ്ട്. ഇരുമ്പ് ,ടിൻ ,ഫ്ളക്സ്ഷീറ്റുകൾതുടങ്ങിയവഉപയോഗിച്ചിട്ടുള്ളബോർഡുകൾസ്ഥാപിക്കുന്നത്നിയമവി രുദ്ധമാണ്.

വ്യക്തിഗതപ്രവർത്തികൾക്ക് **3000** രൂപയുംപൊതുപ്രവർത്തികൾക്ക് **5000** രൂപയുംആണ്പരമാവധിനിർമ്മാണചിലവ്എന്നാണ്ആനുവൽമാസ്റ്റർസർക്കുലർനിഷ്കർ ഷിക്കുന്നത്. **CIB** അടങ്ങുന്നഒരുഫോട്ടോപ്രവൃത്തിഫയലിൽഉൾപ്പെടുത്തണംഎന്നത്നിർബന്ധമാണ്.

**റോസ്ഗാർദിനം**

തൊഴിൽആവശ്യകതകൃത്യമായിരജിസ്റ്റർചെയ്യുന്നതിനുംതൊഴിലാളികളുടെഅർഹത കളുംഅവകാശങ്ങളുംഅവരെബോധ്യപ്പെടുത്തുന്നതിനുംപദ്ധതികൾപരിഹരിക്കുന്നത ിനുമായിറോസ്ഗാർദിനംസംഘടിപ്പിക്കേണ്ടതാണ്.
റോസ്ഗാർദിനംആചരിക്കുന്നതിനുമുൻപായിവിവരവിദ്യാഭ്യാസവ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്എന്ന്ജില്ലാപ്രോഗ്രാംകോഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്.
റോസ്ഗാർകലണ്ടർസംബന്ധിച്ച്ഗ്രാമപഞ്ചായത്തുകളെപ്രത്യേകമായിബോധവൽക്കരിക്ക േണ്ടതാണ്.

റോസ്ഗാർദിനംസംഘടിപ്പിക്കുന്നതിൻറെചുമതലകളുംഉത്തരവാദിത്വങ്ങളും

സംസ്ഥാനസർക്കാർജില്ലാപ്രോഗ്രാംകോഡിനേറ്റർരൂപീകരിച്ചിട്ടുള്ളപ്രതിമാസപട്ടികഅ നുസരിച്ച്തന്നെറോസ്ഗാർദിനംസംഘടിപ്പിക്കുന്നുഎന്ന്ജില്ലാപ്രോഗ്രാംകോർഡിനേറ്റർഉറ പ്പുവരുത്തേണ്ടതാണ്.
ഈപട്ടികഗ്രാമവികസനമന്ത്രാലയവുമായുംപൊതുജനങ്ങളുമായുംപങ്കുവെക്കേണ്ടതുംഒ രുമാസത്തിലൊരിക്കൽഗ്രാമപഞ്ചായത്ത്തലത്തിൽസംഘടിപ്പിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത്പ്രസിഡൻറ്നിയോഗിക്കപ്പെട്ടഗ്രാമപഞ്ചായത്തിലെഭാരവാഹിദിനാചര ണത്തിൽഅധ്യക്ഷതവഹിക്കേണ്ടതാണ്.
ഇത്നടത്തുന്നതിനുംനടപടിക്രമങ്ങൾരേഖപ്പെടുത്തുന്നതിനുള്ളസ്വയംസഹായസംഘങ് ങളുടെഫെഡറേഷൻഅംഗങ്ങൾഎന്നിവർക്കാണ്.
റോസ്ഗാർദിനംആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ളദിവസംനടത്തുന്നതിനായിഉദ്യോ ഗസ്ഥരെനിയോഗിക്കേണ്ടതാണ്.
ഈയോഗത്തിൽമിനിറ്റ്സ്പൊതുജനങ്ങൾക്ക്പരിശോധിക്കുന്നതിനുംസോഷ്യൽഓഡിറ് റിനുംലഭ്യമാക്കേണ്ടതുണ്ട്.
സംസ്ഥാനസർക്കാർദിനംസംഘടിപ്പിക്കുന്നത്സംബന്ധിച്ചറിപ്പോർട്ടുകൾശേഖരിക്കുന്നത ാണ്.
സംസ്ഥാനസർക്കാർതൊഴിൽആവശ്യകതസംബന്ധിച്ച്ജില്ലാതലറിപ്പോർട്ടുകൾപതിവാ യിഅവലോകനംചെയ്യേണ്ടതാണ്.

<u>പ്രവർത്തികളുടെ  പരിശോധനാ വിവരണം</u>

2018 ഒക്ടോബർ -2019 മാർച്ച് കാലയളവിൽ നടത്തിയ പ്രവർത്തികളാണ് പരിശോധനക്ക് വിദേയമാക്കിയിട്ടുള്ളത്

വാർഡ് -14

1. പുഴിക്കള  പരിസരത്തു ഖണ്ഡിക 5 ൽ പെട്ടവർക് ടോയ്‌ലറ്റ് നിർമാണം - നെഫീസ അബൂബക്കർ (014/394)

(1607003004/RS/337035)

- ഫയൽ പരിശോധിച്ചപ്പോൾ 5 മാസ്റ്റർ റോളുകളിലായാണ് പ്രവർത്തി നടന്നിരിക്കുന്നത് .1743,1742,1744,1345,1764
- പ്രവർത്തി  ചെയ്ത വ്യകതി നെഫീസ അബൂബക്കർ (014/394) ഒരു ദിവസം 2 മസ്റ്റർ റോളുകളിൽ1742,1764 പണി ചെയ്തിരിക്കുന്നു .
- ഈ പ്രവൃത്തിയിൽ 1742(അവിദഗ്ദ്ധ) ,1764 (അർദ്ധവിദഗ്ദ്ധ) എന്ന മസ്റ്റർ റോളിൽ11/9/2018 മുതൽ 17/9/2018  വരെയുള്ള ദിവസങ്ങളിൽ നെഫീസ അബൂബക്കർ (014/394)
എന്ന വ്യക്തി 7 ദിവസം തൊഴിൽ ചെയ്തതായി കാണുന്നു .ഈ ദിവസങ്ങളിലെ  വേതനം നൽകിയതായി വേജ് ലിസ്റ്റ് ൽ നിന്നും കാണാൻ സാധിച്ചു .
- അർദ്ധവിദഗ്ദ്ധ മസ്റ്റർ റോൾ നമ്പർ 1764 ൽ ആകെ ഹാജർ രേഖപ്പെടുത്തിയിട്ടില്ല .ഈ മസ്റ്റർ റോളിൽ 7 ദിവസത്തെ ഒപ്പു രേഖപെടുത്തിയിട്ടുണ്ട് .വെജ് ലിസ്റ്റ് ൽ 4 ദിവസത്തെ വേതനം മാത്രമേ നൽകിയിട്ടുള്ളൂ .(2920രൂപ).
- CIB ബോർഡിന് 750 രൂപ അനുവദിച്ചതായി എസ്റ്റിമേറ്റിൽ കാണുന്നു .
- പ്രവർത്തി സ്ഥലത്തു CIB ബോർഡ് സ്ഥാപിച്ചിട്ടില്ല.
- എം ബുക്കിലും CIB  തുക  രേഖപ്പെടുത്തിയിട്ടില്ല .
- എസ്റ്റിമേറ്റ് പ്രകാരം 56300 രൂപയാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ 12000 രൂപയെ ചിലവഴിച്ചിട്ടുള്ളു .
- FTO  പ്രവർത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല .പകരം മററൊരു രജിസ്റ്ററിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു
- പ്രവർത്തി ഫയലിൽ   ടോയ്ലറ്റ്ൻ്റെ ചിത്രം വെച്ചിരിക്കുന്നു.എന്നാൽ ഫീൽഡ് പരിശോധനയിൽ ഫയലിൽ നൽകിയിരിക്കുന്ന ഫോട്ടോയും ഫീൽഡിലെ ഫോട്ടോയും വ്യതാസമുണ്ട് എന്ന് കണ്ടെത്തി
- മസ്റ്റർ റോൾ നമ്പർ 1745,1744,1743,1742 ഇവക്കെല്ലാംകൂടി ഒരു മസ്റ്റർ റോൾ കവർ പേജ് മാത്രമേ കാണാൻ സാധിച്ചുള്ളൂ

- ❖ പ്രവർത്തി ഫയലിൽ   സൈറ്റ് ഡയറി കാണാൻ കഴിഞ്ഞില്ല .

2. പുഴിക്കള പരിസരത്ത് തോട് പുനരുദ്ധാരണം
   (1607003004/WH/319860)

- ❖ 3 മസ്റ്റർ റോളുകളിലായാണ് പ്രവർത്തി നടന്നിരിക്കുന്നത്.4250,4373,5055
- ❖ മസ്റ്റർ റോൾ നമ്പർ 4250 ൽ ജയമണി (14/37)എന്ന വ്യക്തിക്ക് മസ്റ്റർ റോളിൽ ആകെ ഹാജർ 5 ഉം വെജ് ലിസ്റ്റ് ൽ 7 ഉം ആണ് രേഖപ്പെടുത്തിയിരിക്കുന്നത് . പണിയായുധങ്ങളുടെ വാടക മസ്റ്റർ റോളിൽ രേഖപെടുത്തിയിട്ടുണ്ട് . എന്നാൽ വെജ് ലിസ്റ്റ് ൽ രേഖപ്പെടുത്തിയിട്ടില്ല .
- ❖ മസ്റ്റർ റോൾ നമ്പർ 5055 ൽ ദേവയാനി ചന്ദ്രൻ(14/44) , രമണി വിജയൻ (14/49)അജിത ഭരതൻ (14/64)എന്നിവർ പ്രവർത്തി സമയത്ത് ഹാജരായിരുന്നില്ല .വെജ് ലിസ്റ്റ് ൽ 5 ദിവസത്തെ വേതനം നൽകിയതായി കാണുന്നു .
- ❖ ബിന്ദു ശിവദാസൻ (14/42)എന്ന വ്യക്തി മസ്റ്റർ റോളിൽ 3 ദിവസത്തെ പ്രവർത്തി ചെയ്തതായി കാണുന്നു.എന്നാൽ വെജ് ലിസ്റ്റ് ൽ ഈ വ്യക്തിക്ക് വെജ് ലിസ്റ്റ് ൽ 5 ദിവസത്തെ വേതനം നൽകിയതായി കാണുന്നു .
- ❖ FTO  പ്രവർത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല .പകരം മററൊരു രജിസ്റ്ററിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു
- ❖ CIB ബോർഡിന് എസ്റ്റിമേറ്റിൽ 4500 രൂപ കാണിച്ചിരിക്കുന്നു.പ്രവർത്തി സ്ഥലത്തു CIB  ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

3. വേണുനഗർ പരിസരത്ത് ഖണ്ഡിക 5 ൽ പെട്ടവർക്ക് കിണർ നിർമാണം  - അമ്മിണി കേശവൻ(14/39)
   (1607003004/DW/147890)
   - ❖ 4 മാസ്റ്റർ റോളുകളിലായാണ് പ്രവർത്തി നടന്നിരിക്കുന്നത്. 1685,1686,1695,3599
   - ❖ പ്രവർത്തി ഫയലിലിന്റെ കവർ പേജിൽ പ്രവർത്തിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല
   - ❖ മസ്റ്റർ റോൾ1685,1686, അവിദഗ്ധ മസ്റ്റർ റോളും  1695,3599 അർദ്ധവിദഗ്ധ മസ്റ്റർറോളും ആണ്. മാസ്റ്റർ റോളിലെ തൊഴിലാളികളുടെ വേതനവും വെജ് ലിസ്റ്റ് ലെ വേതനവും തുല്യം.

- ചെക്ക് ലിസ്റ്റ് , ആക്ഷൻ പ്ലാനിൻ്റെ കോപ്പി , ഇവയൊന്നും പ്രവർത്തി ഫയലിൽ കാണാൻ കഴിഞ്ഞില്ല
- എസ്റ്റിമേറ്റ് പ്രകാരം 750 രൂപ രേഖപെടുത്തിയിട്ടുണ്ട് .
- പ്രവർത്തി സ്ഥലത്തു CIB ബോർഡ് സ്ഥാപിച്ചിട്ടുണ്ട്
- പ്രവർത്തി ഫയലിൽ സൈറ്റ് ഡയറി കാണാൻ കഴിഞ്ഞില്ല .

4. വേണുനഗർ പരിസരത്തു തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ
(1607003004/IF/305609)
    - 2 ഘട്ടങ്ങളായിട്ടാണ് പ്രവർത്തി നടന്നിരിക്കുന്നത്.
      ഘട്ടം 1 ൽ മാസ്റ്റർ റോൾ നമ്പർ2882,2883

      ഘട്ടം 2 ൽ മാസ്റ്റർ റോൾ നമ്പർ 3065,3550,3743.
    - 5 മാസ്റ്റർ റോളുകളിലായാണ് പ്രവർത്തി നടന്നിരിക്കുന്നത്.2882,2883.
    - എസ്റ്റിമേറ്റ് പ്രകാരംCIB ബോർഡിന് 3000 രൂപ രേഖപെടുത്തിയിട്ടുണ്ട് .
    - പ്രവർത്തി സ്ഥലത്തു CIB ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.
    - മാസ്റ്റർ റോൾ നമ്പർ 2882 ൽ വെട്ടിത്തിരുത്തലുകൾ കാണാൻ സാധിച്ചു .
    - FTO പ്രവർത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല .പകരം മററൊരു രജിസ്റ്ററിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു.
    - ചെക്ക് ലിസ്റ്റ് , ആക്ഷൻ പ്ലാനിൻ്റെ കോപ്പി , എസ്റ്റിമേറ്റ് കോപ്പി ഇവയൊന്നും പ്രവർത്തി ഫയലിൽ കാണാൻ കഴിഞ്ഞില്ല.
    - പ്രവർത്തി ഫയലിൽ സൈറ്റ് ഡയറി രേഖപ്പെടുത്തിയിരിക്കുന്നു.

5. പുഴികള പരിസരത്ത് ചെറുകിട നാമ മാത്ര കർഷകരുടെ തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ .
(1607003004/IF/305607)

    - 2 ഘട്ടങ്ങളായിട്ടാണ് പ്രവർത്തി നടന്നിരിക്കുന്നത്.
      ഘട്ടം 1 ൽ മാസ്റ്റർ റോൾ നമ്പർ1399,1398
      ഘട്ടം 2 ൽ മാസ്റ്റർ റോൾ നമ്പർ1975,1986,2623
    - 5 മാസ്റ്റർ റോളുകളിലായാണ് പ്രവർത്തി നടന്നിരിക്കുന്നത്.
    - എസ്റ്റിമേറ്റ് പ്രകാരംCIB ബോർഡിന് 3000 രൂപ രേഖപെടുത്തിയിട്ടുണ്ട് .
    - പ്രവർത്തി സ്ഥലത്തു CIB ബോർഡ് സ്ഥാപിച്ചിട്ടിണ്ട് .

- മാസ്റ്റർ റോൾ നമ്പർ1399 ൽ കൃത്യമായ വെജ് ലിസ്റ്റ് പ്രവർത്തി ഫയലിൽ കാണാൻ സാധിച്ചു
- മാസ്റ്റർ റോൾ നമ്പർ 1398 ൽ കൃത്യമായ വെജ് ലിസ്റ്റ് പ്രവർത്തി ഫയലിൽ കാണാൻ കഴിഞ്ഞില്ല.
- ചെക്ക് ലിസ്റ്റ് , ആക്ഷൻ പ്ലാനിൻ്റെ കോപ്പി , ഇവയൊന്നും ഫയലിൽ കാണാൻ കഴിഞ്ഞില്ല
- FTO പ്രവർത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല .പകരം മറ്റൊരു രജിസ്റ്ററിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു.
- പ്രവർത്തി ഫയലിൽ സൈറ്റ് ഡയറി രേഖപ്പെടുത്തിയിരിക്കുന്നു .

## കണ്ടെത്തലുകൾ

- പ്രവർത്തി ഫയലിൽ വെട്ടിത്തിരുത്തലുകൾ രേഖപ്പെടുത്തിയിരിക്കുന്നു
- തൊഴിലാളികൾക്ക് ആവശ്യമായമരുന്നുകൾ ജോയിന്റ് അക്കൗണ്ടിൽ നിന്നുമാണ് വാങ്ങിക്കുന്നത്
- പ്രവർത്തി സമയത്തു ഹാജരാകാത്ത തൊഴിലാളികൾക്കു വേതനം നൽകിയതായി കാണുന്നു.
- ചെക്ക് ലിസ്റ്റ് , ആക്ഷൻ പ്ലാനിൻ്റെ കോപ്പി , എസ്റ്റിമേറ്റ് കോപ്പി ഇവയൊന്നും പ്രവർത്തി ഫയലിൽ കാണാൻ കഴിഞ്ഞില്ല
- FTO പ്രവർത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല .പകരം മറ്റൊരു രജിസ്റ്ററിൽ സൂക്ഷിച്ചതായി കാണാൻ സാധിച്ചു.

## നിർദേശങ്ങൾ

- മാസ്റ്റർ റോൾ .എം ബുക്കിലും തിരുത്തലുകൾ പാടില്ല
- കുടിവെള്ളം തണൽ ,ടാർപ്പായ എന്നിവ പ്രവർത്തി സ്ഥലത്തു ഉണ്ടായിരിക്കേണ്ടതാണ്
- അടിസ്ഥാന സൗകര്യങ്ങളും സ്വയം രക്ഷ സാമഗ്രികളും എന്നിവ ഓരോ തൊഴിലാളിക്കും പ്രത്യേകം നൽകേണ്ടതുണ്ട് .
- കയ്യുറ കാലുറ എന്നിവ ഒരൂ തൊഴിലാളിക്കും പ്രത്യേകം നൽകേണ്ടതുണ്ട് .

- തൊഴിൽ കാർഡ് കൈവശം വയ്ക്കാനുള്ള അധികാരം തൊഴിൽ കാർഡ് ഉടമയ്ക്ക് മാത്രമാണ്
- കൃത്യമായ ഇടവേളകളിൽ ബാങ്ക് പാസ് ബുക്കിൽ ഇടപാട് വിവരണൽ രേഖപ്പെടുത്തുക .അതുവഴി വേതനം ലഭിച്ചുവോ ഇല്ലയോ വൈകിയോ എന്ന വിവരങ്ങൾ അറിയാൻ സാധിക്കും
- പ്രവർത്തി നടക്കുമ്പോൾ പ്രവർത്തി സ്ഥലങ്ങളിൽ മാസ്റ്റർ റോൾ സൈറ്റ് ഡയറി എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

| Sl. No | Ward | Work Name | Work code | Starting Date | End date | Estimate Amount | Actual Amount | Estimates man days | Actual Man days |
|---|---|---|---|---|---|---|---|---|---|
| 1 | 14 | പുഴിക്കള പരിസരത്തുഖണ്ഡിക 5 ൽ പെട്ടവർക് ടോയ്‌ലറ്റ് നിർമാണം - നെഫീസ അബൂബക്കർ (014/394) | 1607003004/RS/337035 | 11/09/2018 | 8/10/2018 | 56500 | 10508 | 28 | 35 |
| 2 | 14 | പുഴിക്കള പരിസരത്ത് തോട് പുനരുദ്ധാരണം . | 1607003004/WH/319860 | 11/1/2019 | 14/2/2019 | 143000 | 120060 | 497.66 | 478 |
| 3 | 14 | വേണുനഗർ പരിസരത്ത് ഖണ്ഡിക 5 ൽ പെട്ടവർക്ക് കിണർ നിർമാണം - അമ്മിണി കേശവൻ(14/39**)** | 1607003004/DW/147890 | 7/9/2018 | 11 /12/2018 | 46000 | 43459 | 8.89 | 18 |
| 4 | 14 | വേണുനഗർ പരിസരത്തു തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ | 1607003004/IF/305609 | 5/11/2018 | 26/12/18 | 484000 | 247198 | 1740 | 1687 |
| 5 | 14 | പുഴികള പരിസരത്ത് ചെറുകിട നാമ മാത്ര കർഷകരുടെ തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ . | 1607003004/IF/305607 | 7/8/2018 | 6/10/2018 | 484000 | 256576 | 1740 | 1838 |
| | | | total | | | 1213500 | 677801 | 4014.55 | 4056 |

| Sl.no | Work Code | Work name | Cover Page | Check List | Action plan | Estimate | Desin | Ts | As | Convergence | Demand | Work allocation | Muster roll | M.book | Material | Wage list | Fto | Material | Royalty | 3 phase photograph | Completion | MUSTER ROLL MOVEMENT | GEO TAG PHOTO | SOCIAL AUDIT REPORT | SITE DIARY | BOARD |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1607003004/RS/337035 | പുഴിക്കള പരിസരത്ത ുഖണ്ഡിക 5 ൽ പെട്ടവർക്ക് ടോയ്‌ലറ്റ് നിർമാണം - നെഫീസ അബൂബക്കർ (014/394) | YES | NO | NO | YES | NO | YES | YES | NO | NO | NO | YES | YES | NO | YES | NO | NO | NO | NO | NO | NO | NO | NO | NO | NO |
| 2 | 1607003004/WH/319860 | പുഴിക്കള പരിസരത്ത് തോട് പുനരുദ്ധാരണം . | YES | NO | NO | YES | NO | YES | YES | NO | NO | NO | YES | YES | NO | YES | NO | NO | NO | NO | YES | YES | NO | NO | YES | YES |
| 3 | 1607003004/DW/147890 | വേണുനഗർ പരിസരത്ത് ഖണ്ഡിക 5 ൽ പെട്ടവർക്ക് കിണർ നിർമാണം - അമ്മിണി കേശവൻ(14/39) | YES | NO | NO | YES | NO | YES | YES | NO | NO | NO | YES | YES | NO | YES | NO | NO | NO | NO | NO | NO | NO | NO | NO | NO |
| 4 | 1607003004/IF/305609 | വേണുനഗർ പരിസരത്ത ു തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ | YES | NO | NO | YES | NO | YES | YES | NO | NO | NO | YES | YES | NO | YES | NO | NO | NO | NO | YES | YES | NO | NO | YES | YES |

| | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 5 | 1607003004/IF/305607 | പുഴികള പരിസരത്ത് ചെറുകിട നാമ മാത്ര കർഷകരുടെ തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ . | YES | NO | NO | YES | NO | YES | YES | NO | NO | NO | YES | YES | NO | YES | NO | NO | NO | NO | YES | YES | NO | NO | YES | YES |

## ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

## പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത്

വാർഡ് 14

## സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ

പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വാർഡ് 14-ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ 26/11/2019 ചൊവ്വാഴ്ച, 11.30 നു അമ്പാഴത്തേൽ പറമ്പിൽ വെച്ച് നടത്തി.വാർഡ് മെമ്പർ ശ്രീ മനോജും mgnrges ലെ സ്റ്റാഫുകളും 60 തൊഴിലാളികളുംപങ്കെടുത്തു.. അവിടെ വെച്ച് തൊഴിലാളികളിൽ ഒരാളെ അധ്യക്ഷ ആയി തിരഞ്ഞെടുത്തു. തുടർന്ന് മൗനപ്രാത്ഥന നടത്തി. അധ്യക്ഷ ആയി തിരഞ്ഞെടുത്തത് തൊഴിലാളിയായ പങ്കജം എന്ന ചേച്ചിയെ ആയിരുന്നു.ശേഷം അധ്യക്ഷ ചാവക്കാട് ബ്ലോക്ക് റിസോഴ്സ്പേഴ്സൺ നീവേദ്യ ദിവാകരനെ വിഷയാവതരണം നടത്താൻ സ്വാഗതം ചെയ്തു. ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആയ നിവേദ്യ സോഷ്യൽ ഓഡിറ്റിനെ കുറിച്ചും ഇവിടെ ഇന്നത്തെ ഒത്തുകൂടലിനെകുറിച്ചും തൊഴിലാളികളെ ബോധ്യപ്പെടുത്തി കൊടുത്തു. തുടർന്ന് ദൃഢപ്രതിജ്ഞ VRP ലയന തൊഴിലാളികൾക്ക് ചൊല്ലി കൊടുത്തു തൊഴിലാളികൾ എല്ലാവരും ഏറ്റു ചൊല്ലി. ശേഷം VRP ആയ നിമ പത്തു അവകാശങ്ങൾ തൊഴിലാളികൾക്കു പറഞ്ഞു കൊടുത്തു. ഓരോ അവകാശങ്ങൾ പറയുമ്പോഴും ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആയ നിവേദ്യ തൊഴിലാളികളോട് കൂടുതൽ വ്യക്തമായി കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും ചോദിച്ചറിയുകയുംചെയ്തു. ഒന്നാമത്തെ അവകാശമായ 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശത്തിൽ തൊഴിൽ കാർഡ് കൈവശം വെക്കാനുള്ള അവകാശം തൊഴിൽ കാർഡ് ഉടമക്ക് മാത്രം എന്ന് അവതരിപ്പിച്ചപ്പോൾ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആയ നിവേദ്യ എല്ലാവരുടെയും തൊഴിൽ കാർഡ് സ്വന്തം കയ്യിൽ തന്നെയല്ലേ എന്നും തൊഴിലാളികളോട് ചോദിച്ചറിയുകയും അവർ അതെ എന്നും

മറുപടി നൽകുകയും ചെയ്തു.തുടർന്ന് മറ്റു അവകാശങ്ങൾ ഓരോന്നായി തൊഴിലാളികൾക്ക്പറഞ്ഞു കൊടുക്കുകയും ചെയ്തു. തൊഴിൽ ആവിശ്യപെടാനും 15ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം അവതരിപ്പിച്ചപ്പോൾ തൊഴിൽ ഡിമാൻഡ് ചെയ്തു അപേക്ഷ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ അല്ല കൊടുക്കുന്നതെന്നും Mgnrges ന്റെ ഓഫീസിൽ ആണ് തൊഴിൽ ഡിമാൻഡ് ചെയ്യാറ് ആണ് പതിവെന്ന് മേറ്റ് ആയ രാഗിണി ചേച്ചി പറഞ്ഞു. അവകാശങ്ങൾ അവതരിപ്പിക്കുന്നിടയിൽ തൊഴിലാളികൾ പഞ്ചായത്ത് അധികൃതർ കൊണ്ട് വന്ന രെജിസ്റ്ററിൽ പേരും ഒപ്പും രേഖപ്പെടുത്താനുള്ള തന്ത്രപ്പാടിൽ ആയിരുന്നു. തൊഴിലാളികളോട് അവസാനം ഒപ്പ് രേഖപ്പെടുത്തിയാൽ മതിയെന്നും ഇപ്പോൾ ഇവിടെ ശ്രദ്ധിക്കാൻ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നിവേദ്യ പറഞ്ഞു. തുടർന്ന് അവകാശങ്ങൾ വായിച്ചു5.km ചുറ്റള വിൽ ആണ് തൊഴിൽ ചെയ്യുന്നതെങ്കിൽ കൂലി 10% അധികമായി ലഭിക്കാനുള്ള അവകാശം അവതരരിപ്പിച്ചപ്പോൾ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആയ നിവേദ്യ തൊഴിലാളികൾ ആരെങ്കിലും 5km നു പുറത്തു പോയി തൊഴിൽ ചെയ്യുന്നുണ്ടോ എന്ന് ചോദിച്ചപ്പോൾ തൊഴിലാളി ആയ ഇന്ദിരാ എന്ന ചേച്ചി 5km അപ്പുറത്ത് നിന്ന് വാർഡ് 14-ൽ വന്നു തൊഴിൽ ചെയ്യുകയാണെന്ന് പറഞ്ഞു. കാര്യങ്ങൾ വ്യക്തമായി ഇന്ദിരാ ചേച്ചിയോട് ചോദിച്ചറിഞ്ഞപ്പോൾ ചേച്ചിയുടെ സ്വന്തം വീട് ഈ വാർഡിൽ തന്നെയാണെന്നും ഇവിടത്തെ വീട് വിൽപ്പന നടത്തി ചേച്ചി ഇപ്പോൾ മകൻ്െറ വീട്ടിൽ ആണ് താമസം എന്നു പറഞ്ഞു. Mgnrges ലെ സ്റ്റാഫ് ആയ ബിജി ഇതിനു മറുപടി നൽകി ഇന്ദിരാ ചേച്ചിയോട് ഇവിടെത്തെ അഡ്രസ്സിലെ തൊഴിൽകാർഡ് cancel ചെയ്യാനും ഇപ്പോൾ താമസിക്കുന്ന പഞ്ചായത്തിൽ തൊഴിൽ കാർഡ് മാറ്റാൻ ഒരു അപേക്ഷ നൽകാനും ആവശ്യപ്പെട്ടു. തുടർന്ന് അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാനുള്ള അവകാശത്തെ കുറിച്ച് അവതരിപ്പിച്ചപ്പോൾ എന്തല്ലാം മാണ് അടിസ്ഥാന സൗകര്യങ്ങൾ എന്ന് തൊഴിലാളികളോടായി ചോദിക്കുകയും അവർ അതിനു മറുപടി നൽകുകയും ചെയ്തു. ഈ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം നിങ്ങളുടെ തൊഴിലിൽ ഉണ്ടോ എന്ന് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആയ നിവേദ്യ ചോദിച്ചറിയുകയും തൊഴിലാളികൾ ഉണ്ടെന്നു മറുപടി നൽകുകയും ചെയ്തു... ശേഷം 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കാനുള്ള അവകാശം വായിച്ചപ്പോൾ കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന്തൊഴിലാളികൾ മറുപടി നൽകി... 15 ദിവസത്തിനുള്ളിൽ അല്ല തൊഴിൽ ചെയ്ത് 1 കൊല്ലത്തിനുള്ളിൽ കൂലി ലഭിക്കാനുള്ള അവകാശം എന്ന് മാറ്റേണ്ടി വരുമെന്ന് പങ്കജം ചേച്ചി തമാശ രൂപത്തിൽ പറഞ്ഞു. കൂലി വൈകുന്നതു fund ഇല്ലാത്തതു കൊണ്ടാണ്ആണെന്നും fund വന്നാൽ mgnrges ലെഅധികൃതർ തൊഴിലാളികളുടെ a/c ലേക്ക് പണം ട്രാൻസ്ഫർ ചെയ്യുമെന്ന് Brp ആയ നിവേദ്യ പറഞ്ഞപ്പോൾ mgnrges ലെ സ്റ്റാഫ് ആയ ബിജി തൊഴിലാളികളുടെ a /c ലേക്ക് നേരിട്ട് central govt വഴി അവിടെനിന്ന് പണം traansfer ചെയ്യാറ് ഇപ്പോൾ ഉള്ളത് എന്നു മറുപടി നൽകി. കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കാനുള്ള അവകാശം അവതരിപ്പിച്ചപ്പോൾ അങ്ങനെങ്കിൽ നഷ്ട പരിഹാരമായി കൂടുതൽ പണം ലഭിക്കാണ്ടെന്നും തൊഴിലാളികൾ പറയുകയും ചെയ്തു. അവകാശങ്ങൾ എല്ലാം അവതരിപ്പിച്ചതിന് ശേഷം റിപ്പോർട്ട് അവതരണത്തിനായി ഷൈബി യെ അധ്യക്ഷ സ്വാഗതം ചെയ്തു. തുടർന്ന് 2018 ഒക്ടോബർ 2019 മാർച്ച് കാലയളവിൽ വാർഡ് 14ൽ നടപ്പിലാക്കിയ 6 പ്രവർത്തികളുടെ റിപ്പോർട്ട് അവതരണം നടത്തി. പുഴികള പരിസരത്തെ തോട് പുനരുദ്ധാരണം എന്ന പ്രവർത്തിയുടെ റിപ്പോർട്ടിൽ മാസ്റ്റർ

റോളിൽ ജയമണി എന്ന തൊഴിലാളി ഒപ്പ് രേഖപ്പെടുത്തതായി കണ്ടു വെന്ന് അവതരിപ്പിച്ചപ്പോൾ ജയമണി എന്ന തൊഴിലാളി താൻ മാസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്താറുഉണ്ടെന്ന് മറുപടി നൽകി. പുഴികള പരിസരത്ത് ചെറുകിട നാമമാത്ര കർഷകരുടെ തരിശു ഭൂമി കൃഷിക്ക് ഉപയുക്തമാക്കൽ report അവതരണത്തിൽ പ്രവർത്തി സ്ഥലത്തു CIB ബോർഡ് സ്ഥാപിച്ചിട്ടില്ലെന്നു പറഞ്ഞപ്പോൾ mgnrges ലെ സ്റ്റാഫ്ഷളായ ബിജി യും ജിതിനും ബോർഡ് സ്ഥാപിച്ചിട്ടുടെന്നു മേറ്റ് ആയ രാഗിണി ചേച്ചിക് ഏതു പ്രവർത്തിയുടെ ബോർഡ് ആണ് ചോദിച്ചതെന്നും കൃത്യമായ ധാരണ കുറവ് മൂലമാണ് ഫീൽഡിൽ വന്നപ്പോൾ ബോർഡ് കാണിച്ചു തരാത്തത്തിനു കാരണമായതെന്നു ചേച്ചി കൂട്ടി ചേർത്തു.. ശേഷം തൊഴിലാളി ആയ ജയ ബോർഡ് കാണിച്ചു തരാമെന്നു മറുപടി നൽകി. തുടർന്ന് കണ്ടെത്തലുകൾ അവതരിപ്പിച്ചു ആവിശ്യമായാ മരുന്നുകൾ ജോയിന്റ് അക്കൗണ്ടിൽ നിന്ന് വാങ്ങുന്നു എന്ന് അവതരിപ്പിച്ചപ്പോൾ ശാന്ത എന്ന തൊഴിലാളിക്ക് ചികത്സാ ചെലവ് ലഭിച്ചിട്ടില്ലെന്നും ഹോസ്പിറ്റൽ, മരുന്ന് ബില്ല് എല്ലാം ശെരിയാക്കി mgnrges ലെ പഴയ സ്റ്റാഫ് ആയ നിത്യ യുടെ പക്കൽ നൽകിയിട്ടുണ്ട് എന്നും നിത്യ സ്ഥലം മാറി പോയതിനാൽ ചികത്സാ ചെലവ് ലഭിച്ചില്ലെന്നും മേറ്റ് രാഗിണി മറുപടി Nനൽകി. ശേഷം നിർദ്ദേശങ്ങൾ അവതരിപ്പിച്ചു തൊഴിലാളികൾക്ക് നിർദ്ദേശങ്ങൾ അറിയിക്കാൻ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നിവേദ്യ അഭിപ്രായപ്പെട്ടു.

## ഗ്രാമ സഭ  തീരുമാനങ്ങൾ

**1**. കവർ പേജ് ,മസ്റ്റർ റോൾ   എന്നി രേഖകളിൽ തെറ്റുകൾ കൃത്യമായി ഒഴുവാക്കി പൂരിപ്പിക്കാൻ തീരുമാനമായി.

**2.** ടാർപോളിൻ, കൈയുറകൾ,കാലുറകൾ തുടങ്ങിയവ തൊഴിലിടങ്ങളിൽ ലഭ്യമാക്കുന്നതിന് എഡിഎസ്  ജോയിന്റ് അക്കൗണ്ട് വഴിയായി നടപടികൾ സ്വീകരിക്കാൻ തിരുമാനിച്ചു.

**3**. തൊഴിൽ ലഭിക്കുന്നതിനുള്ള ഡിമാൻഡ് ഫോറം നൽകിയാൽ അതിനു ഫ്രണ്ട് ഓഫീസുവഴി കൈപറ്റു രസീതി വാങ്ങുവാൻ തീരുമാനമായി.

**4**. തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലിലായ്മ വേതനത്തിനു അപേഷിക്കാൻ തീരുമാനമായി.

**5**. തുടർന്നുള്ള പ്രവൃത്തിയിൽ FTO ടെ കോപ്പി ഫയലിൽ സൂക്ഷിക്കാൻ തീരുമാനമായി.